"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 - കോട്ടയം ജില്ലയിലെ രാമപുരം ഗ്രാമപഞ്ചായത്തിന്റെ 18.06.2024-ലെ 1(1), 2(1) നമ്പർ തീരുമാനങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന സ്റ്റേ നീക്കം ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1235/2026/LSGD  തീയതി, തിരുവനന്തപുരം, 04-07-2026

---

പരാമർശം:-

1. രാമപുരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.05.2024-ലെ 6(1), 7(1) നമ്പർ തീരുമാനങ്ങൾ.
2. രാമപുരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.06.2024-ലെ 1(1), 2(1) നമ്പർ തീരുമാനങ്ങൾ.
3. രാമപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.06.2024-ലെ എസ്.സി1-3050/24 നമ്പർ കത്ത്.
4. 10.10.2024-ലെ സ.ഉ.(സാധാ.) നം. 1887/2024/LSGD.
5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ റഫറൻസ് നം.07/2024-ലെ 17.02.2026 തീയതിയിലെ റിപ്പോർട്ട്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ രാമപുരം ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ പ്ലൈവുഡ് ഫാക്ടറികൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 പ്രകാരം ശ്രീ. അലി സി.എം., ഡ്രീംവുഡ് ഇൻഡസ്ട്രീസ്, ചിറയ്ക്കുകുടി, അല്ലപ്ര പി.ഒ, പെരുമ്പാവൂർ; ശ്രീ. ബാസിക് കെ ബാവു, കുന്നുംപുറത്ത്, പോത്താനിക്കാട് പ്ലാനറ്റ് പ്ലൈ ബോർഡ്സ് എന്നിവർ സമർപ്പിച്ച അപേക്ഷകളിൽ പരാമർശം (1), (2) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും പരാമർശം (2) പ്രകാരമുള്ള അന്തിമതീരുമാനം നിയമാനുസൃതമല്ലെന്നും ചൂണ്ടിക്കാട്ടി പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

2) പ്ലൈവുഡ് ഫാക്ടറികൾ സ്ഥാപിക്കുന്നതിന് അനുവാദം ലഭിക്കുന്നതിന് വേണ്ടി മേൽപ്പറഞ്ഞ വ്യക്തികൾ 21.05.2024 തീയതിയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസെന്റ് ടു എസ്റ്റാബ്ലിഷ്മെന്റ് സർട്ടിഫിക്കറ്റുകളും വ്യവസായ വകുപ്പിന്റെ അക്നോളജ്മെന്റ്

സർട്ടിഫിക്കറ്റുകളും സഹിതം സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് അനുമതി നൽകാവുന്നതാണെന്ന ശിപാർശ സഹിതം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നുവെന്നും എന്നാൽ ടി റിപ്പോർട്ട് പരിഗണിച്ച പഞ്ചായത്ത് കമ്മിറ്റി, റിപ്പോർട്ടിൽ തൃപ്തരല്ലാത്തതിനാൽ സ്റ്റാൻഡിംഗ് കൗൺസലിന്റെ നിയമോപദേശം തേടിയതിനു ശേഷം മാത്രം അന്തിമതീരുമാനം എടുത്താൽ മതിയെന്ന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയുണ്ടായെന്നും ടി തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 233 പ്രകാരം നിയമാനുസൃതമല്ലെന്നും അതിനാൽ പുന:പരിശോധിക്കേണ്ടതാണെന്നും സെക്രട്ടറി പഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കുകയുണ്ടായെന്നും തുടർന്ന് 14.06.2024 തീയതിയിൽ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡൻ്റ് എന്നിവരുൾപ്പെടെയുള്ള ജനപ്രതിനിധികൾ, സെക്രട്ടറി, അസി. എഞ്ചിനീയർ, അസി. സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ സ്ഥലപരിശോധന നടത്തുകയും 18.06.2024-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയിൽ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുവെന്നും സെക്രട്ടറിയുടെ റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 233(3) പ്രകാരം സ്ഥാപനാനുമതി നിഷേധിക്കാൻ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് അധികാരമില്ലാത്തതിനാൽ സ്റ്റാൻഡിംഗ് കൗൺസലിൻ്റെ നിയമോപദേശപ്രകാരം വ്യവസ്ഥകളോടെ അനുമതി നൽകുവാൻ പരാമർശം (2) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു. പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമുള്ള നിബന്ധനകൾ ചുവടെപ്പറയുന്നവയാണ്.

1. നിയമാനുസൃതമായ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കണം.
2. ഹസാർഡസ് ഒക്യുപൻസി വിഭാഗത്തിൽ വരുന്ന വ്യവസായങ്ങൾക്കാവശ്യമായ പ്രവേശന മാർഗ്ഗം ഉറപ്പാക്കണം.
3. ഫയർ ആൻഡ് സേഫ്റ്റി വകുപ്പിൽ നിന്നുള്ള അനുമതിപത്രം ഹാജരാക്കണം.
4. പ്രദേശത്തു നിന്ന് മണ്ണ് നീക്കം ചെയ്തതു മൂലം പാരിസ്ഥിതിക ആഘാതം ഉണ്ടാകുമോയെന്ന വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള പാരിസ്ഥിതിക അനുമതിപത്രം ഹാജരാക്കണം.
5. ജലസ്രോതസ്സുകളുടെ സമീപപ്രദേശത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയോ ജലസ്രോതസ്സുകൾ ഒരു കാരണവശാലും മലിനപ്പെടുത്തുകയോ ചെയ്യാൻ പാടില്ല.
6. ടി യൂണിറ്റിൽ നിന്ന് 100 മീറ്റർ അകലത്തിനുള്ളിൽ വരുന്ന വീടുകളിലെ താമസക്കാരിൽ നിന്നും നിരാക്ഷേപപത്രം ഹാജരാക്കണം.
7. ടി പ്രദേശം വ്യവസായ മേഖലയിൽ ഉൾപ്പെടുന്നുവെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ രേഖ ഹാജരാക്കണം.

തുടർന്ന് പരാമർശം (2) പ്രകാരമുള്ള തീരുമാനങ്ങൾ നിയമാനുസൃതമല്ലെന്ന് ചൂണ്ടിക്കാട്ടി 2003-ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ടുന്ന നടപടിക്രമം) ചട്ടങ്ങളുടെ ചട്ടം 4(3) അനുസരിച്ച് പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരാമർശം (4) പ്രകാരം രാമപുരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.06.2024-ലെ 1(1), 2(1) നമ്പർ തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്യുകയും സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത റഫറൻസിന് പരാമർശം (5) പ്രകാരം ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

4) കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 233(3) പ്രകാരം, ഉചിതമായ നിബന്ധനകൾ നിശ്ചയിച്ചുകൊണ്ട് പെർമിറ്റ് നൽകാനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ, ടി ആക്ടിന്റെ സെക്ഷൻ 191(2) പ്രകാരം ഇടപെടേണ്ടതില്ലെന്നും നിശ്ചയിക്കപ്പെട്ട നിബന്ധനകൾ മൂലം ബുദ്ധിമുട്ടുള്ള പക്ഷം അപേക്ഷകർക്ക്, കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 276 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ അപ്പീൽ ഫയൽ ചെയ്തു പഞ്ചായത്തിന്റെ തീരുമാനം ചോദ്യം ചെയ്യാവുന്നതാണെന്നും പരാമർശം (5) പ്രകാരം ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. Tomy Thomas v State of Kerala 2019 (3) KLT 987-ൽ ബഹു. ഹൈക്കോടതി ഫുൾ ബെഞ്ച് താഴെപ്പറയും പ്രകാരം പ്രസ്താവിച്ചിട്ടുള്ളതായും ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ചെയ്യുന്നു.

> "………. the Grama Panchayats (Village Panchayats) are obliged to grant permission in cases where the authorities mentioned under Section 233 of the Act had issued such permission or consents or no objection certificates. Even if the Panchayat is of the opinion that the construction or establishment of the factory, workshop or workplace is objectionable by reason of density of population in the neighborhood and is likely to cause nuisance, then also the Panchayat can only obtain expert opinion from the department concerned and it is obliged to issue permission for such construction or establishment subject to such conditions as may be required for abatement of the nuisance, if any, as may be recommended in the expert opinion of the concerned department…………"

തർക്കം നിലനിൽക്കുന്നത് പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ച നിബന്ധനകളിൽ മാത്രമാണെന്നും കമ്മിറ്റിയുടെ തീരുമാനത്തിൽ പൂർണ്ണമായല്ലെന്നും അതിനാൽ, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം പൂർണമായി കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) പ്രകാരം റദ്ദാക്കേണ്ട ആവശ്യമില്ലെന്നും ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉപദേശം പരിഗണിച്ച്, രാമപുരം ഗ്രാമപഞ്ചായത്തിന്റെ 18.06.2024-ലെ 1(1), 2(1) നമ്പർ തീരുമാനങ്ങൾക്ക് പരാമർശം (4) പ്രകാരം ഏർപ്പെടുത്തിയിരുന്ന സ്റ്റേ നീക്കം ചെയ്തും പ്രസ്തുത തീരുമാനങ്ങൾ പ്രകാരം നിശ്ചയിക്കപ്പെട്ട നിബന്ധനകൾ മൂലം ബുദ്ധിമുട്ടുള്ള പക്ഷം അപേക്ഷകർക്ക്, കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 276 പ്രകാരം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണെന്ന് നിർദ്ദേശിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ് വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോട്ടയം
പ്രസിഡന്റ്, രാമപുരം ഗ്രാമപഞ്ചായത്ത്, കോട്ടയം
സെക്രട്ടറി, രാമപുരം ഗ്രാമ പഞ്ചായത്ത്, കോട്ടയം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Rashmi D
Date: 04-07-2026 16:51:33
സെക്ഷൻ ഓഫീസർ